# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 464. 30.06.2014 ൽ മറുപടിയ്ക്ക്.

## പ്രൈവറ്റ് ബസുകളിലെ സുരക്ഷാ സംവിധാനങ്ങൾ

| ചോദ്യം<br>ശ്രീ. എ.എ. അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന പ്രൈവറ്റ് ബസുകൾ സുരക്ഷാ സംവിധാനങ്ങൾ പാലിച്ചാണോ സർവ്വീസ് നടത്തുന്നതെന്ന് പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ; | (എ) | യാത്രാ സുരക്ഷ സംബന്ധിച്ച നിലവിലുള്ള നിയമങ്ങളും, നിബന്ധനകളും പാലിയ്ക്കപ്പെടുന്നുണ്ട് എന്ന് വാഹനം രജിസ്റ്റർ ചെയ്യുന്ന സമയത്തും, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന സമയത്തും ഉറപ്പുവരുത്താറുണ്ട്. കൂടാതെ ദൈനംദിന വാഹന പരിശോധനാ സമയത്തും നിബന്ധനകൾ പാലിയ്ക്കപ്പെടുന്നുണ്ട് എന്ന് മോട്ടോർവാഹനവകുപ്പ് ഉറപ്പ് വരുത്താറുണ്ട്. മോട്ടോർ വാഹന വകുപ്പിലെ 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ നിരന്തരമായ വാഹന പരിശോധന നടത്തി വരുന്നുണ്ട്. ഇതുകൂടാതെ ഇന്റർസെപ്റ്റർ വാഹനങ്ങളും ക്യാമറകളും ഉപയോഗിച്ചുകൊണ്ട് പോലീസ് വകുപ്പും സുരക്ഷാ സംവിധാനങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ട്. |
| (ബി) | ഡ്രൈവർമാരെ സുരക്ഷാകാര്യങ്ങളിൽ ബോധവൽക്കരണം നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; | (ബി) | "റോഡ് സുരക്ഷയ്ക്കായി ഒരു ദശകം" എന്ന ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത ബോധവത്കരണ പരിപാടിയുടെ ഭാഗമായി, കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ ബസ് ഡ്രൈവർമാർ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ഡ്രൈവർമാർക്കും ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി റോഡ് സുരക്ഷ സംബന്ധിച്ച പുസ്തകങ്ങൾ, ലീഫ്ലെറ്റുകൾ എന്നിവ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ബസ് ഡ്രൈവർമാർക്ക് ജനമൈത്രീ പോലീസ് സംവിധാനത്തിലൂടെ ബോധവൽക്കരണം നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്തുന്നതിന് സർവ്വീസ് ആരംഭിക്കുന്നതോ അവസാനിക്കുന്നതോ ആയ സ്ഥലങ്ങളിൽവച്ച് പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ ? | (സി) | ബ്രെത്ത് അനലൈസർ, ആൽക്കോമീറ്റർ എന്നീ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് പരിശോധന നടത്തുകയും നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.